റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : സർ, ഇത് ബഹുമാനപ്പെട്ട മെമ്പർക്കും അറിയാവുന്നതാണ്. സമയപരിധിക്കുള്ളിൽ ജോലി പൂർത്തീകരിക്കാത്തതുകൊണ്ടാണ് ഈ കാലതാമസം വന്നത്. 93 ശതമാനം ജോലിയും പൂർത്തീകരിച്ചിട്ടുണ്ട്. 3 1/2 കോടി രൂപയുടെ പണി തീർന്നു. ഇനിയും 1 1/2 കോടി രൂപയുടെ പണി പൂർത്തിയാക്കാനുണ്ട്. ആ പണി ആറ് മാസത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്നാണ് തോന്നുന്നത്. ഏതായാലും കരാറുകാരന്റെ അനാസ്ഥയാണ് കാലതാമസത്തിന് കാരണം. ക്യാൻസൽ ചെയ്താൽ പുതിയ ആളിനെ വിളിക്കാൻ ഇനിയും കാലതാമസം വരും. അതുകൊണ്ട് ഇയാളെക്കൊണ്ടുതന്നെ ചെയ്യിപ്പിക്കാൻ പറ്റുമെങ്കിൽ ചെയ്യിപ്പിക്കാം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നമുക്ക് ഒരു കോൺഫറൻസ് നടത്തി പ്രശ്നങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അത് സോർട്ട് ഔട്ട് ചെയ്യാൻ ശ്രമിക്കാം. ഏതായാലും ആറ് മാസത്തിനുള്ളിൽ ഇതിന്റെ പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് വിചാരിക്കുന്നത്.

(4) പാലക്കാട് ജില്ലയിലെ കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. വി.കെ. ചന്ദ്രൻ : സർ, മലമ്പുഴ ഡാമിന്റെ പ്രധാന സ്രോതസ്സായ ഒന്നാം പുഴയെ ആട്ടുമലയിൽ വച്ച് തമിഴ്നാട്ടിലേയ്ക്ക് തിരിച്ചു വിട്ടു. മലമ്പുഴ ഡാമും ഭാരതപ്പുഴയും പാലക്കാട് ജില്ലയും കടുത്ത ജലക്ഷാമംമൂലം ദുരിതമനുഭവിക്കുകയാണ്. കാർഷിക മേഖലയാകെ തകർക്കപ്പെടുന്ന ഒരു സമീപനമാണ് ഇതിന്റെ ഭാഗമായിട്ട് സംഭവിച്ചിട്ടുള്ളത്. കേരള സംസ്ഥാനത്തിലെ ഉദ്യോഗസ്ഥൻമാർക്ക് ഈ കാര്യം ബോദ്ധ്യപ്പെട്ടുവെങ്കിലും ഇതിന് പരിഹാരം കാണാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറായിട്ടില്ല. പാലക്കാട് ജില്ലയിലെ വിഷയമാണ് ഇത് പാലക്കാടുകാർ ചെയ്യട്ടെ എന്ന ധാരണയിലാണ് സംസ്ഥാന ഗവൺമെന്റ് നിൽക്കുന്നത്. പാലക്കാട് കളക്ടറും സംഘവും കഴിഞ്ഞ ജൂൺ മാസം 6-ാം തീയതി ആട്ടുമലയിൽ ഈ തടസ്സം കണ്ടെത്തുകയും ആ തടസ്സം മാറ്റുകയും ചെയ്തു. കേരള-തമിഴ്നാട് ജില്ലയുടെ അതിർത്തിക്കല്ല് മാറ്റിക്കൊണ്ടാണ് തമിഴ്നാട് ഈ ഭാഗത്ത് ജണ്ടകെട്ടി ഒന്നാം പുഴയിലെ നീരുറവ തമിഴ്നാട്ടിലേയ്ക്ക് തിരിച്ചുവിട്ടത്. ഇത് മാത്രമല്ല, പറമ്പിക്കുളം-ആളിയാറിൽ നിന്ന് പാലക്കാട് ജില്ലയ്ക്ക് കിട്ടേണ്ട വെള്ളം, മണക്കടവിൽ വച്ച് നമുക്ക് അളന്ന് തരുന്നുണ്ട്. ഈ വെള്ളം പാലക്കാട് മേഖലയിലേയ്ക്ക് ഒഴുകി വരുമ്പോൾ ആ വെള്ളം തമിഴ്നാട് തിരിച്ചുകൊണ്ടുപോകുന്ന ഒരു സ്ഥതിയാണുള്ളത്. ഇത് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന കാര്യമാണ്. കേരള സംസ്ഥാനത്തിലെ ജലം തമിഴ്നാട് കൃത്യമായി അളന്നുകൊണ്ട് പോകുന്നുമുണ്ട്. അതിൽ യാതൊരു കുറവും കേരള സംസ്ഥാനം വരുത്തുന്നില്ല. കേരളത്തിന് കിട്ടേണ്ട വെള്ളം നേടിയെടുക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് പുറകോട്ട് പോകുന്നു. ഇതിപ്പോൾ അന്തർ സംസ്ഥാന നദീജലതർക്കമാക്കി മാറ്റുന്നതിനുള്ള ഒരു ശ്രമമാണ് തമിഴ്നാട് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് മനസ്സിലാക്കി, സംസ്ഥാന ഗവൺമെന്റ് പാലക്കാട് ജില്ലയെ അതിരൂക്ഷമായ ജലക്ഷാമത്തിൽ നിന്നും രക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും കേരളം-തമിഴ്നാടിന്റെ അതിർത്തി നിർണ്ണയിച്ച് കേരളത്തിന് ലഭ്യമാക്കേണ്ട വെള്ളം കൃത്യമായി നേടിയെടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ബഹുമാനപ്പെട്ട മെമ്പർ സബ്മിഷനിൽ രണ്ടു കാര്യങ്ങളാണ് പറഞ്ഞത്. ഒന്ന് മലമ്പുഴയിലേയ്ക്ക് എത്തിച്ചേരുന്ന ഒന്നാം പുഴ, അതിൽ തമിഴ്നാട് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. മലമ്പുഴ റിസർവോയറിൽ എത്തിച്ചേരുന്ന ഒന്നാം പുഴയിലേയ്ക്കുള്ള ഒഴുക്കിന്റെ, തമിഴ്നാട് സ്രോതസ്സിൽ അവർ തടസ്സം സൃഷ്ടിച്ച്, ഒഴുക്കിന്റെ ഗതിമാറ്റം നടത്തുന്നതായി പ്രാഥമിക അന്വേഷണത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെ അവർ തിരിച്ചുകൊണ്ടുപോകുന്ന ജലത്തിന്റെ അളവ് മലമ്പുഴ റിസർവോയറിന്റെ വ്യാപ്തി കണക്കിലെടുക്കുമ്പോൾ കുറവാണ് എങ്കിലും അതങ്ങനെ ചെയ്യാൻ പാടില്ലായെന്നുള്ള നിലയിൽ നമ്മൾ നടപടികൾ എടുത്തിട്ടുണ്ട്. ഇതിന്റെ റിപ്പോർട്ട് വന്ന ഉടനെ അവിടേയ്ക്ക് നമ്മുടെ ഉദ്യോഗസ്ഥൻമാർ പോകാൻ ശ്രമിച്ചപ്പോൾ ആദ്യം തമിഴ്നാട് അതിന് സമ്മതിച്ചില്ല. പിന്നീട് അവിടെ ഉദ്യോഗസ്ഥൻമാരെ അയച്ച് ഇക്കാര്യങ്ങൾ മനസ്സിലാക്കി അവിടെനടന്നിരുന്ന നിർമ്മാണപ്രവർത്തനം, തടസ്സപ്പെടുത്താൻ നമുക്ക് സാദ്ധ്യമല്ല. കാരണം തമിഴ്നാടിന്റെ ഭൂമിയിലാണ് അവർ ചെയ്തിരിക്കുന്നത്. എന്നാൽ ജി.ടി. മാപ്പിൽ പറയുന്നത് വച്ച് നോക്കുമ്പോൾ രണ്ടു സംസ്ഥാനങ്ങളുടേയും ബോർഡറിലാണ് തടസ്സം ഉണ്ടാക്കിയിരിക്കുന്നത്. സാങ്കേതികമായ കുറെ പ്രശ്നങ്ങൾ അതിനകത്ത് ഉണ്ടെങ്കിലും നമുക്ക് അർഹമായിട്ടുള്ള വെള്ളം ലഭ്യമാക്കാൻ ശ്രമിക്കുകയും ശ്രദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അനാസ്ഥ ഉണ്ടായിട്ടില്ല. രണ്ടാമത് അദ്ദേഹം പറഞ്ഞത് പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള വെള്ളം നമുക്ക് കിട്ടുന്നില്ല എന്നാണ്. പ്രത്യേകിച്ച് മണക്കടവിൽ നമുക്ക് ലഭിക്കേണ്ട വെള്ളം കൃത്യമായി കിട്ടുന്നില്ല എന്നുള്ള ആക്ഷേപമാണ് അദ്ദേഹം ഉന്നയിച്ചിട്ടുള്ളത്. സർ, നമുക്ക് 7.25 ടി.എം.സി. വെള്ളം മണക്കടവ് വിയറിൽ കിട്ടണം. അവിടന്നാണ് ഇത് അളന്ന് എടുക്കുന്നത്. അവിടന്ന് അളന്ന് എടുക്കുന്ന വെള്ളം മൂലത്തറയിൽ എത്തുന്നതിന് മുമ്പ് തമിഴ്നാട്ടിലെ കൃഷിക്കാർ അനധികൃതമായി മോട്ടോർ വച്ച് വെള്ളം പമ്പ് ചെയ്യുന്നുണ്ട്. ഇത് കഴിഞ്ഞ വരൾച്ചക്കാലത്ത് ഗുരുതരമായ പ്രശ്നമായി മാറി. വെള്ളം ആളിയാർ ഡാമിൽ നിന്ന് തുറന്നുവിട്ട് മണക്കടവിൽ എത്തി അവിടന്ന് അളന്ന് നമുക്ക് തരുമ്പോൾ ആ വെള്ളംതന്നെ തമിഴ്നാട്ടിലെ കൃഷിക്കാർ എടുത്തുകൊണ്ടുപോകുന്ന സാഹചര്യം വന്നു. പാലക്കാട് കളക്ടർ, കോയമ്പത്തൂർ കളക്ടറുമായി ബന്ധപ്പെട്ട് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി തമിഴ്നാട് പോലീസ് ഉദ്യോഗസ്ഥൻമാരുടെ സഹകരണത്തോടുകൂടി അനധികൃതമായി അവിടെവച്ചിരുന്ന മോട്ടോറും മറ്റുമെല്ലാം മാറ്റുകയുണ്ടായി. ഈ വർഷം 7.25 ടി.എം.സി. വെള്ളം കൃത്യമായി കിട്ടണമെന്ന് വളരെ അഡ്വാൻസായിട്ട് തമിഴ്നാട് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഞാൻ ഇക്കഴിഞ്ഞ 17-ാം തീയതി തമിഴ്നാട്ടിൽ പോയിരുന്നു, അവിടത്തെ ജലസേചന വകുപ്പുമന്ത്രി ശ്രീ. പനീർ ശെൽവവുമായിട്ട് ഇക്കാര്യത്തെക്കുറിച്ച് ചർച്ച നടത്തി, നമ്മുടെ രണ്ട് വിളയ്ക്കും വെള്ളം കിട്ടത്തക്കവിധത്തിലുള്ള ഒരു ക്രമീകരണം ഇപ്പോൾ ഉണ്ടാക്കിയിട്ടുണ്ട്. അതനുസരിച്ച് മുന്നോട്ടുപോയാൽ ഇപ്രാവശ്യം പ്രശ്നം ഉണ്ടാകില്ല. എന്നാണ് പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ പ്രാവശ്യം ഗവൺമെന്റ് നടപടികൾ സ്വീകരിക്കാഞ്ഞിട്ടല്ല. മുഖ്യമന്ത്രി തന്നെ തമിഴ്നാട് മഖ്യമന്ത്രിക്ക് രണ്ടോ, മൂന്നോ കത്തുകൾ അയച്ചു. ഏറ്റവും അവസാനം dead storage-ൽ നിന്ന് പമ്പ് ചെയ്യണമെന്ന റിക്വസ്റ്റും മുഖ്യമന്ത്രിയുടേതായിട്ട് തമിഴ്നാട് മുഖ്യമന്ത്രിക്ക്

കൊടുക്കുകയുണ്ടായി. പക്ഷെ അവർ അതിനോട് റെസ്പോൺഡ് ചെയ്തില്ല. 1970-ൽ ഒപ്പ് വച്ച ഈ കരാർ പ്രകാരം നമുക്ക് ലഭ്യമാകേണ്ട ജലം ലഭ്യമാകണം. പക്ഷെ ഇതിന്റെ മുഴുവൻ നിയന്ത്രണവും തമിഴ്നാടിനാണ്. അതാണ് പ്രശ്നം സൃഷ്ടിച്ചിരിക്കുന്നത്. അത് കരാറിൽ നമുക്ക് പറ്റിയ പാളിച്ചയാണ്. അതുകൊണ്ടാണ് പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കാനുള്ള ശ്രമം നമ്മൾ നടത്തിക്കൊണ്ടിരിക്കുന്നത്. എന്റെ പ്രതീക്ഷ കഴിയുന്നതും വേഗം കരാർ പുതുക്കാൻ കഴിയുമെന്നാണ്. അതിനുള്ള ശ്രമം ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്.

V. റിപ്പോർട്ട് സമർപ്പണം

(1) I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ സ്പെഷ്യൽ റിപ്പോർട്ട്

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) സർ, I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ സ്പെഷ്യൽ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനുള്ള നടപടിക്രമവും ഫീസ് നിശ്ചയിക്കലും) ബില്ലിനെ സംബന്ധിച്ച 6-ാം നമ്പർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): സർ, 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനുള്ള നടപടിക്രമവും ഫീസ് നിശ്ചയിക്കലും) ബില്ലിനെ സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സിപീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VI. വ്യക്തിപരമായ പരാമർശം

ശ്രീ. പി. സി. ജോർജ് ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നൽകിയതു സംബന്ധിച്ച് ശ്രീ. കെ. എം. മാണിയുടെ പരാമർശം

ശ്രീ. പി. സി. ജോർജ്: സർ, ഇന്നലെ ഡിമാന്റ് ഡിസ്ക്ഷൻ നടക്കുമ്പോൾ ബഹുമാനപ്പെട്ട റവന്യൂവും നിയമവും വകുപ്പുമന്ത്രി ഞാൻ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ കൊടുത്ത ഒരു റിട്ട് പെറ്റീഷനെ സംബന്ധിച്ച് പരാമർശം നടത്തുകയുണ്ടായി. അതിൽ അദ്ദേഹം പറഞ്ഞു, ബുദ്ധിമാനായ പി. സി. ജോർജ് കോടതിയിൽനിന്ന്, അതായത് അതിന്റെ അർത്ഥം ഞാൻ കോടതിയിൽ നിന്ന് ഓടി രക്ഷപ്പെട്ടു എന്ന നിലയിലാണ് അദ്ദേഹം സംസാരിച്ചത്. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. രാഷ്ട്രീയമായി എന്തും അദ്ദേഹം പറയട്ടെ. ഒരു നിയമ വകുപ്പുമന്ത്രിയെന്ന നിലയിൽ നിയമസംഹിതയോടും നിയമവ്യവസ്ഥയോടും ബഹുമാനം വേണമെന്നാണ് എനിക്ക് ആദ്യമേ പറയാനുള്ളത്. സർ, ഞാൻ കൊടുത്ത പെറ്റീഷൻ, അത് ഡിവിഷൻ ബഞ്ചിന്റെ മുമ്പിൽ വന്നു. കേരള ഹൈക്കോടതിയുടെ ചീഫ് ജസ്റ്റിസ് എൻ. കെ. സ്വാതി, ജസ്റ്റിസ് പി. ആർ. രാമൻ എന്നിവർ അടങ്ങുന്ന ഡിവിഷൻ ബഞ്ചാണ് വിധി പറഞ്ഞത്. ആ വിധിയിൽ ഞാൻ ഓടി

LIBRARY ARCHIVES Kerala Legislative Assembly